പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7371

17/07/2012 ൽ
മറുപടിക്ക്

## വിവിധ അക്കാദമികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം മറുനാടൻ മലയാളികൾക്കുകൂടി സൗകര്യപ്രദമായ രീതിയിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (എ) നടപടി സ്വീകരിച്ചു വരുന്നു. മലയാളികൾ ഏറെയുള്ള ബഹറിൻ പോലുള്ള ഗൾഫ് രാജ്യങ്ങളിലും കേരളത്തിനു പുറത്തുള്ള ഹൈദ്രബാദ് പോലുള്ള നഗരങ്ങളിലും അവിടത്തെ മലയാളി സമാജവുമായി സഹകരിച്ചുകൊണ്ട് സാഹിത്യ സാംസ്കാരിക പരിപാടികൾ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്. വിശിഷ്ട വ്യക്തികളുടെ ജന്മശതാബ്ദി ആഘോഷങ്ങളും മറ്റും കേരളത്തിനു പുറത്തുള്ള നഗരങ്ങളിലും വിദേശത്തും ഇനിയും സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ലോകത്തെവിടെയുമുള്ള മലയാളികൾക്ക് ഭാഷാപഠനത്തിനും ഗവേഷണത്തിനും ഉപകരിക്കുന്ന വിധം പ്രാചീനഗ്രന്ഥങ്ങളുടെ ഡിജിറ്റൽ കോപ്പി അക്കാദമി വെബ് സൈറ്റിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആദ്യകാല പ്രസിദ്ധീകരണങ്ങളായ രസിക രഞ്ജിനി, മംഗളോദയം എന്നിവ ഇപ്പോൾ തന്നെ കേരള സാഹിത്യ അക്കാദമിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>ഇന്ത്യയിലെ വിവിധസ്ഥലങ്ങളിൽ നോർക്കയുമായി സഹകരിച്ചുകൊണ്ട് കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ